കരിമണലിന്റെ ലഭ്യത

188(2390) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ദൗർലഭ്യം കാരണം ചവറയിലെ പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ അടച്ചുപൂട്ടലിന്റെ വക്കിലാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അസംസ്കൃത വസ്തുവായ കരിമണലിന്റെ ദൗർലഭ്യം, ചവറ ഐ.ആർ.ഇ. എൽ.-ന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഖനന പ്രവർത്തനങ്ങൾക്കായി സ്ഥല ഉടമകൾ സ്ഥലം വിട്ടു നൽകുവാൻ വിമുഖത കാണിക്കുന്നതും സ്ഥലവാസികളെ വിശ്വാസത്തിലെടുത്ത് ഖനന നടപടികളുമായി മുന്നോട്ട് പോകാൻ ഐ.ആർ.ഇ.എൽ.ന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയുമാണ് ഈ പ്രശ്നത്തിന് കാരണം. പ്രശ്നപരിഹാരത്തിനായി നിരവധി ഉന്നതതല യോഗങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. ഐ.ആർ.ഇ.എൽ.-ന്റെ ഖനനാനുമതി പുതുക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ഖനന വകുപ്പ് സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കേന്ദ്രാനുമതി ലഭിച്ചാൽ ഐ.ആർ.ഇ.എൽ.-ന്റെ പ്രവർത്തനത്തിൽ അസംസ്കൃത വസ്തുവിന്റെ ദൗർലഭ്യം ഗണ്യമായി പരിഹരിക്കാൻ കഴിയും. ഇതുകൂടാതെ നീണ്ടകര, തോട്ടപ്പള്ളി തുടങ്ങിയ തുറമുഖങ്ങളുടെ പരിസരത്തുനിന്നും ഡ്രെഡ്ജ് ചെയ്ത മണൽ ഉപയോഗിക്കുവാൻ ഐ.ആർ.ഇ.എൽ.-ന് അനുമതി നൽകിയിട്ടുണ്ട്. വെള്ളനാതുരത്ത്, പണ്ടാരത്തുരത്ത്, കരിത്തുറ, കോവിൽതോട്ടം തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ ഭരണകൂടം ഐ.ആർ.ഇ.എൽ.-ന് എല്ലാവിധ സഹായവും ചെയ്തുവരുന്നുണ്ട്.

ക്വാറികളിൽ നിന്നുള്ള റോയൽറ്റി

189(2391) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം കരിങ്കൽ ചെങ്കൽ ക്വാറികളുടെ റോയൽറ്റി ഇനത്തിൽ സർക്കാരിന് എത്ര തുക ലഭിച്ചുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly